# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3825 25.06.2013 -ൽ മറുപടിക്ക്

ഭവന നിർമ്മാണ പദ്ധതികൾ

**ചോദ്യം**

ശ്രീമതി.ജമീലാ പ്രകാശം

ശ്രീ. ജോസ് തെറ്റയിൽ

ശ്രീ. മാത്യു. റ്റി. തോമസ്

ശ്രീ.സി.കെ. നാണു

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിച്ച ഭവന നിർമ്മാണ പദ്ധതികളിലേയ്ക്കായി 2011-2012 ലെയും 2012-2013 ലെയും വാർഷിക ബഡ്ജറ്റുകളിൽ എന്ത് തുക വീതമാണ് വകയിരുത്തിയിരുന്നത് ;

**ഉത്തരം**

ശ്രീ. കെ. എം. മാണി
(ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിച്ച ഭവന നിർമ്മാണ പദ്ധതികൾക്ക് 2011-2012, 2012-2013 വർഷങ്ങളിലെ ബഡ്ജറ്റിലൂടെ വകയിരുത്തിയിരുന്ന തുക താഴെ പറയും പ്രകാരമാണ്.

| ക്രമ. നം. | പദ്ധതിയുടെ പേര് | ബഡ്ജറ്റിൽ വകയിരുത്തിയ തുക | |
|---|---|---|---|
| | | 2011-2012 | 2012-2013 |
| 1 | കോഴിക്കോട് ശാന്തിനഗർ (ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ) പുനരധിവാസ പദ്ധതി | 15 കോടി രൂപ | -- |
| 2 | സാഫല്യം ഭവന പദ്ധതി | 1 കോടി രൂപ | 17 കോടി രൂപ |
| 3 | സങ്കേതം ഭവന പദ്ധതി | -- | 1000 രൂപ |

| | | | |
|---|---|---|---|
| 4 | ഇന്നൊവേറ്റീവ് പദ്ധതി | 4 കോടി രൂപ | 4 കോടി രൂപ |
| 5 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി | -- | 3.5 കോടി രൂപ |
| 6 | സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള വാടക വീട് ഭവന പദ്ധതി | 4 കോടി രൂപ | 4 കോടി രൂപ |

(ബി) ആ തുകയിൽ എത്ര ചെലവഴിച്ചെന്നും ഓരോ പദ്ധതിയുടേയും പ്രവർത്തന പുരോഗതി എന്തായെന്നും വ്യക്തമാക്കാമോ?

(ബി) ഉത്തരം "എ" യിൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതിയും ചെലവ് വിവരവും ചുവടെ ചേർക്കുന്നു.

1. <u>കോഴിക്കോട് ശാന്തിനഗർ പുനരധിവാസ പദ്ധതി</u>

കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനായി 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിന്റെ ഭേദഗതി പത്രികയിലൂടെ അനുവദിച്ച 10 കോടി രൂപ വിനിയോഗിച്ച് 1-ാം ഘട്ടമായി 218 വീടുകളുടെ പുനർനിർമ്മാണം 2012-13 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

2. <u>സാഫല്യം ഭവന പദ്ധതി</u>

2011-12-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിച്ച സാഫല്യം ഭവന പദ്ധതിക്കായി ഒരു കോടി രൂപ

നൽകുകയുമുണ്ടായി. ടി പദ്ധതിയ്ക്കായി 2012-13 വർഷത്തിൽ 17 കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും തുകയൊന്നും റിലീസ് ചെയ്തിട്ടില്ല. ഈ പദ്ധതിയുടെ ആദ്യ ഘട്ടമായി 5 ജില്ലകളിലെ 5 പഞ്ചായത്തുകളിലായി 294 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകി പ്രാരംഭ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

ചെട്ടിക്കുളങ്ങര, ആലപ്പുഴ - 20,000/- രൂപ

കോട്ടയം, അകലകുന്നം - 2,57,990/- രൂപ

3. <u>ഇന്നൊവേറ്റീവ് പദ്ധതി</u>

2011-12 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കായി 4 കോടി രൂപ വകയിരുത്തിയിരുന്നു.

a) തൃശ്ശൂർ കുട്ടനെല്ലൂരിൽ രണ്ടാം ഘട്ടമായി 24 ഫ്ലാറ്റുകളാണ്. flooring ജോലികൾ പുരോഗമിച്ചുവരുന്നു. ഇതുവരെ ഒരു കോടി രൂപ ചെലവഴിച്ചു.

b) കോഴിക്കോട് ഒന്നാം ഘട്ടമായി 24 ഫ്ലാറ്റുകളാണ്. plastering ജോലികൾ പൂർത്തിയായി. വാട്ടർ സപ്ലൈ, സാനിട്ടറി ജോലികൾ പുരോഗമിച്ചു വരുന്നു. [illegible] ഉൾപ്പെടെ ഇതുവരെ 1 കോടി 80 ലക്ഷം രൂപ ചെലവഴിച്ചു.

2012-13 ബഡ്ജറ്റിൽ 4 കോടി രൂപ വകയിരുത്തിയിരുന്നു. ഈ തുക വിനിയോഗിച്ച് തൃശ്ശൂർ കുട്ടനെല്ലൂരിൽ മൂന്നാം ഘട്ടമായി 24 ഫ്ലാറ്റുകളുടേയും, കോഴിക്കോട്

രണ്ടാം ഘട്ടമായി 16 ഫ്ലാറ്റുകളുടേയും നിർമ്മാണം പുരോഗമിച്ചുവരുന്നു. ഈ പദ്ധതിക്കായി യഥാക്രമം 63 ലക്ഷം രൂപയും 122 ലക്ഷം രൂപയും ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

4. <u>വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി</u>

2012-13 വർഷത്തെ സർക്കാർ ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ വിഹിതമായ 3.50 കോടി രൂപ വകയിരുത്തിയതിൽ 224.50 ലക്ഷം രൂപ അനുവദിച്ചു നൽകുകയും ആ തുക വിനിയോഗിച്ച് ഇടുക്കി ജില്ലയിൽ കട്ടപ്പനയിൽ 125 കിടക്കകളും മൂന്നാറ് നിലവിലുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ അഡീഷണൽ ബ്ലോക്കായി 74 കിടക്കകളും, കോഴിക്കോട് 159 കിടക്കകളുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നിർമ്മിച്ചു വരുന്നു. ഈ പദ്ധതികൾക്ക് കേന്ദ്ര സർക്കാർ ഗ്രാന്റ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

5. <u>സർക്കാർ ജീവനക്കാർക്കായുള്ള വാടക വീട് ഭവന പദ്ധതി</u>

2011-12 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച് കാസർഗോഡ് വാടകവീട് ഭവന പദ്ധതി 1-ാം ഘട്ടത്തിലൂടെ 12 ഫ്ലാറ്റുകൾ നിർമ്മിച്ചു വരുന്നു. 2012-13 സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതും 4 കോടി രൂപയിൽ

കാസർഗോഡ് രണ്ടാം ഘട്ടമായി 12 ഫ്ലാറ്റുകളും ദേവീകുളത്ത് രണ്ടാം ഘട്ടമായി 6 ഫ്ലാറ്റുകളും നിർമ്മിച്ചു വരുന്നു. കാസർഗോഡ് വാടക വീട് ഭവന പദ്ധതി EF-30 മാതൃക ഒരു ബ്ലോക്ക് Ground floor slab വാർപ്പ് കഴിഞ്ഞു. രണ്ടാം ബ്ലോക്ക് ഒന്നാം നില ലിന്റൽ ലെവൽ വരെയായി. DF-30 മാതൃക ഒരു ബ്ലോക്ക് Ground floor റൂഫ് ലെവൽ വരെ എത്തി. കാസർഗോഡ് രണ്ടാം ഘട്ടത്തിന് 90 ലക്ഷം രൂപ ചെലവഴിച്ചു. ദേവീകുളം വാടകവീട് പദ്ധതി രണ്ടാം ഘട്ടം ഫിനിഷിംഗ് ജോലികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതിക്ക് 85 ലക്ഷം രൂപ ചെലവഴിച്ചു.

**6. സങ്കേതം ഭവന പദ്ധതി**

സങ്കേതം ഭവന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നമുറയ്ക്ക് വിശദമായ പദ്ധതി രൂപരേഖ നടത്തുന്നതാണ്. അതിനാൽ ഈ പദ്ധതിക്കായി ബഡ്ജറ്റിൽ നാമമാത്ര തുക (1000 രൂപ) മാത്രമേ വകയിരുത്തിയിട്ടുള്ളൂ.

സെക്ഷൻ ഓഫീസർ